ജന്മഭൂമി

**19 February 2017**

# സിഎംഎഫ്ആർഐ പ്ലാറ്റിനം ജൂബിലിക്ക് തുടക്കം

**കൊച്ചി:** 70 വർഷം പൂർത്തിയാക്കുന്ന കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ കേന്ദ്രത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. ഗവർണർ ജസ്റ്റിസ് പി സദാശിവം ഉദ്ഘാടനം ചെയ്തു. മത്സ്യ മേഖലയിലെ ഗവേഷണങ്ങളും നിയമനിർമ്മാണങ്ങളും നടത്തുമ്പോൾ മത്സ്യത്തൊഴിലാളികൾക്കും മത്സ്യ കർഷകർക്കും പ്രാധാന്യം നൽകണമെന്ന് ഗവർണർ പറഞ്ഞു. നയരൂപീകരണം നടത്തുമ്പോൾ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഊന്നൽ നൽകണം. കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രശ്നങ്ങൾ മനസ്സിലാക്കാൻ ശാസ്ത്ര സമൂഹം മുന്നോട്ട് വരണമെന്നും അദ്ദേഹം പറഞ്ഞു.

അമിതവണ്ണവും കൊളസ്ട്രോളും കുറയ്ക്കുന്നതിന് വേണ്ടി സിഎംഎഫ്ആർഐ കടൽ പായലിൽ നിന്ന് നിർമ്മിച്ച മരുന്ന്, മീനുകളെ പെട്ടെന്ന് തിരിച്ചറിയാൻ സഹായകരമാകുന്ന രീതിയിൽ വികസിപ്പിച്ച മൊബൈൽ ആപ്പ് എന്നിവ ഗവർണർ പുറത്തിറക്കി. സിഎംഎഫ്ആർഐയുടെ പഠന റിപ്പോർട്ടുകളും ഗവർണർ പ്രകാശനം ചെയ്തു. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഇന്ത്യൻ തപാൽ വകുപ്പ് പുറത്തിറക്കിയ സിഎംഎഫ്ആർഐയുടെ പേര് പതിച്ച പ്രത്യേക പോസ്റ്റൽ കവറും ഗവർണർ പ്രകാശനം ചെയ്തു.

സിഎംഎഫ്ആർഐ നേതൃത്വത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് നടത്തിവരുന്ന മത്സ്യ, കല്ലുമ്മക്കായ കൃഷികളുടെ വിജയഗാഥകൾ അനാവരണം ചെയ്യുന്ന ആറ് വീഡിയോ സിഡികളും ചടങ്ങിൽ പ്രകാശനം ചെയ്തു. ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ സിഎംഎഫ്ആർഐ യുടെ പുതിയ ഗവേഷണ പദ്ധതികൾ വിശദീകരിച്ചു. എംപിഇഡിഎ ചെയർമാൻ ഡോ. എ ജയതിലക്, കേരള മധ്യമേഖല പോസ്റ്റ് മാസ്റ്റർ ജനറൽ സുമതി രവിചന്ദ്രൻ, ഡോ. ജി മഹേശ്വരുഡു സംസാരിച്ചു. ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷവുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐയുടെ കൊച്ചി ആസ്ഥാനത്തും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 11 ഗവേഷണ കേന്ദ്രങ്ങളിലും വിപുലമായ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.